# കേരള കാർഷികസർവകലാശാല

രജിസ്ട്രാറുടെ കാര്യാലയം
മെയിൻ കാമ്പസ്, വെള്ളാനിക്കര
കെ.എ.യു. (പി.ഒ.), തൃശ്ശൂർ - 680656

നം. KAUGA/7963/2024-GA-D1

തീയതി: 06-10-2024

## സർക്കുലർ

വിഷയം:- കേരള കാർഷിക സർവകലാശാല – ഇ-ഓഫീസിൽ 2022-ലെ ലിപിപരിഷ്കരണ നിർദേശപ്രകാരമുള്ള ഫോണ്ടുകൾ ഉപയോഗിക്കുന്നത് നിർദേശങ്ങൾ - സംബന്ധിച്ച്.

സൂചന:-
1. 19/07/2024 തീയതിയിലെ ഔദ്യോഗികഭാഷ സംബന്ധിച്ച സംസ്ഥാനതലസമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്.
2) 23/09/2024 തീയതിയിലെ ഒ.എൽ 4/56/2024/പി & എ ആർ ഡി നമ്പർ ഗവണ്മെന്റ് സർക്കുലർ.

***********

ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 19/07/2024 ൽ ചേർന്ന ഔദ്യോഗികഭാഷ സംബന്ധിച്ച സംസ്ഥാനതലസമിതിയോഗത്തിൽ, ഇ-ഓഫീസിൽ മന്ദാരം ഫോണ്ടുപയോഗിക്കണമെന്നും സർക്കാരിന്റെ മറ്റാവശ്യങ്ങൾക്ക് മന്ദാരം, തുമ്പ, രഹന തുടങ്ങി 2022-ലെ ലിപിപരിഷ്കരണനിർദേശപ്രകാരം തയ്യാറാക്കിയിട്ടുള്ള ഫോണ്ടുകൾ ഉപയോഗിക്കണമെന്നും എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകാൻ സൂചന (1) പ്രകാരം തീരുമാനമായിരുന്നു. മലയാളഭാഷയുടെ എഴുത്തുസമ്പ്രദായത്തിലും അച്ചടിയിലും പുതിയ ലിപിവ്യവസ്ഥയും ഭാഷാപ്രയോഗരീതിയും, അതുപ്രകാരം രൂപപ്പെടുത്തിയ ഫോണ്ടുകളും മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് എല്ലാ ഓഫീസ് മേധാവികളും ഉറപ്പുവരുത്തണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാകുന്നു.

സംസ്ഥാനത്തെ സെക്രട്ടേറിയറ്റ് വകുപ്പുകൾ ഉൾപ്പെടെ എല്ലാ സർക്കാർ വകുപ്പുകളിലും, കളക്ടറേറ്റുകൾ, സർവകലാശാലകൾ, സ്വയംഭരണസ്ഥാപനങ്ങൾ, പൊതുമേഖലാസ്ഥാപനങ്ങൾ, സഹകരണസ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലും ഇ-ഓഫീസിൽ 2022-ലെ ലിപിപരിഷ്കരണ നിർദേശപ്രകാരം തയ്യാറാക്കിയ മന്ദാരംഫോണ്ടുമാത്രം ഉപയോഗിക്കേണ്ടതാണെന്നത് സംബന്ധിച്ച് സൂചന (2) പ്രകാരം സർക്കാർ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ താഴെപ്പറയുന്ന കാര്യങ്ങളിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. സർവകലാശാലയിൽ ഇ-ഓഫീസിൽ 2022-ലെ ലിപിപരിഷ്കരണ നിർദേശപ്രകാരം തയ്യാറാക്കിയ മന്ദാരം ഫോണ്ടുമാത്രം ഉപയോഗിക്കേണ്ടതാണ്.
2. മറ്റാവശ്യങ്ങൾക്ക് മന്ദാരം, തുമ്പ, രഹന തുടങ്ങി 2022-ലെ ലിപിപരിഷ്കരണ നിർദേശങ്ങൾക്കനുസരിച്ച് തയ്യാറാക്കിയ ഫോണ്ടുകൾ ഉപയോഗിക്കേണ്ടതാണ്. ഈ ഫോണ്ടുകൾ www.kerala.gov.in/malayalamfont ൽ ലഭ്യമാണ്.
3. മലയാളഭാഷയുടെ എഴുത്തുസമ്പ്രദായത്തിലും അച്ചടിയിലും പുതിയ ലിപിവ്യവസ്ഥയും ഭാഷാപ്രയോഗരീതിയും (glossary.kerala.gov.in/pdf/മലയാളത്തിന്റെ എഴുത്തുരീതി.pdf) അതുപ്രകാരം രൂപപ്പെടുത്തിയ ഫോണ്ടുകളും മാത്രമേ ഉപയോഗിക്കുന്നുള്ളു എന്ന് എല്ലാ ഓഫീസ് മേധാവികളും ഉറപ്പുവരുത്തേണ്ടതാണ്.

A Sakeer Husain
REGISTRAR

സ്വീകർത്താവ്

announce@kau.in

പകർപ്പ്

വൈസ് ചാൻസലറുടെ പി.എസ്/വൈസ് ചാൻസലറുടെ പി.എ/ജോയിന്റ് രജിസ്ട്രാർ - (ഭരണം-I) & (ഭരണം-II)/അസിസ്റ്റന്റ് രജിസ്ട്രാർ- (ഭരണം-I), (ഭരണം-II) & (ജിസി,ഇസി,ലീഗൽ&ആർ.ടി.ഐ)/റിക്രൂട്ട്മെന്റ് ഓഫീസർ/ലേബർ ഓഫീസർ/പൂൾ ഓഫീസർ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ